# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2095** 17/02/2016-ൽ മറുപടിക്ക്

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) അതിരപ്പിള്ളി വൈദ്യുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; ഈ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (എ) കേന്ദ്ര- പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം വകുപ്പ് ഡയറക്ടറുടെ 9/10/2015-ലെ കത്തു പ്രകാരം അതിരപ്പള്ളി പദ്ധതിയുടെ പാരിസ്ഥിതികാനുമതിയുടെ കാലാവധി 18/07/2012-മുതൽ 18/07/2017 വരെ അഞ്ചു വർഷത്തേക്ക് നീട്ടി നൽകുകയുണ്ടായി. കൂടാതെ പദ്ധതിയ്ക്കെതിരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച രണ്ട് പൊതുതാല്പര്യ ഹർജികളും 29/05/2015-ലെ വിധി പ്രകാരം കോടതി തീർപ്പാക്കിയിട്ടുള്ളതാണ്. പദ്ധതിയുടെ റീ -ടെണ്ടറിനെതിരെ കരാറുകാരനായ M/s HCC സമർപ്പിച്ച കേസിൽ ലഭിച്ച അനുകൂലമായ വിധിക്കെതിരെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമർപ്പിച്ച റിട്ട് അപ്പീൽ അനുവദിച്ചു കൊണ്ടും HCC-യുടെ പരാതി തീർപ്പാക്കിക്കൊണ്ടും 25/11/2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലുള്ള ചില സാങ്കേതിക പിഴവുകൾ നീക്കുന്നതിനായി ബോർഡ് റിവ്യൂ പെറ്റീഷൻ നൽകിയിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(....2)

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയുടെ തുടർ നടപടികൾ പരിഗണനയിലാണ്. |
| (സി) പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) പദ്ധതി നിർമ്മാണത്തിനാവശ്യമായ വനഭൂമി വനം വകുപ്പിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനിടെ പദ്ധതിയ്ക്ക് കേന്ദ്ര പാരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ച 9/10/215-ലെ പുതുക്കിയ പാരി സ്ഥിതിക അനുമതിയ്ക്കെതിരായി രണ്ട് പൊതുതാല്പര്യ ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ